

# വിമർശനാത്മക വായനകൾ
# CRITICAL READINGS


**മിനി ടി.**

എഡിറ്റർ

Bilingual malayalam and english
*vimarsanatmaka vayanakal: critical readings*

editor: dr. t. mini

*first progress edition*: December 2018
© rights reserved
*cover and typesetting*:
channelg kalady

printed at
Nirmala Press,
Chalakkudy

published by
the editor
dr. mini.t

notice: no part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher.

isbn:978-93-5346-753-1
600

# വിമർശനാത്മക വായനകൾ
# CRITICAL READINGS

എഡിറ്റർ
**മിനി ടി.**

വിമർശനാത്മകപഠനസംഘം
ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല
കാലടി

# ഉള്ളടക്കം

**ഭാഗം ഒന്ന്: ഭാഷ. സാഹിത്യം. സംസ്കാരപഠനം.**

1. ദിലീപ്കുമാർ കെ.വി.
   *ശരീരപരത മദ്ധ്യകാല ഭാവനയിൽ* *16–52*
2. പി. പവിത്രൻ
   *മാർക്സിസം - രാഷ്ട്രീയ സൗന്ദര്യശാസ്ത്രവിമർശനം* *53–103*
3. മിനി ടി.
   *ലിംഗപഗവിയും സന്യാസവും : ബുദ്ധഭിക്ഷുണികളുടെ ചരിത്രജീവിതം* *104–126*
4 യമുന കെ.
   *പാണിനീയത്തിലെ അർത്ഥവിജ്ഞാനം - ഒരന്വേഷണം* *127–149*
5. ശ്രീ യാക്കോബ് തോമസ്
   *ലിംഗത്തിന്റെ സമരഭൂമിയിൽ സ്ത്രീപക്ഷ നിരൂപണത്തിന്റെ സമകാലിക ഭൂമിക* *150–164*
6. സി. എ. അനസ്
   *കൊളോണിയലിസത്തിന്റെ യുക്തിബന്ധ(ന)ങ്ങൾ: ആദ്യകാല മലയാള മാസികകളുടെ വ്യവഹാരഭൂമിക* *165–190*
7. ശ്രീകുമാർ ഏ.ജി.
   *പുസ്തകവും സംസ്കാരപരിണാമവും: വായനാഭിരുചി നിർമ്മിതിയുടെ കേരളീയ പാഠങ്ങൾ* *191–234*

8. കലേഷ് എം. മാണിയാടൻ
*'ഇന്ദുലേഖ'യിലെ പതിനെട്ടാം അദ്ധ്യായം: ആസന്ന പൊതുമണ്ഡലത്തിന്റെ മലയാളഭാവന* 235–260

9. സ്മിത സി.ആർ.
*പരിഭാഷയിലെ ലിംഗപദവി (Gender in Translation) മലയാള മാതൃകയെ മുൻനിർത്തിയുള്ള അന്വേഷണം* 261–321

10. സോമലാൽ ടി.എം.
*അതിർത്തിലംഘനങ്ങൾ: മലയാള ഗവേഷണത്തിന്റെ അന്തർവൈജ്ഞാനികത* 322–356

11. ആര്യ കെ.
*സാഹിത്യം എന്ന വ്യവഹാരത്തിന്റെ രൂപീകരണവും വ്യവസ്ഥാപനവും മലയാളത്തിൽ* 357–405

**ഭാഗം രണ്ട്: ചരിത്രം**

1. K.M. Sheeba
*Writing in/on Women: Possibilities for a General History of Keralam* 407–434

2. ഷംഷാദ് ഹുസൈൻ
*ചരിത്രത്തിലെ ചെറുസ്വരങ്ങൾ: മലബാർ കലാപവും ഓർമ്മകളുടെ ആഖ്യാനങ്ങളും* 435–462

3. ശ്രീ കെ.വി. ശശി
*ഈഴവശിവൻ: ചരിത്രസഞ്ചാരങ്ങൾ* 463–492

**ഭാഗം മൂന്ന്: കലാചരിത്രം**

1. പ്രദീപൻ പാമ്പിരികുന്ന്
*നിൻസ്വരം പൂവിടും ഗാനമേ... മലയാള ചലച്ചിത്രസംഗീതത്തിന്റെ സാംസ്കാരിക രാഷ്ട്രീയം* 494–539

2. എൻ. അജയകുമാർ
*സാഹിത്യരൂപത്തിന്റെ സാംസ്കാരിക വിവക്ഷകൾ ആട്ടക്കഥയെ മുൻനിർത്തി ചില അന്വേഷണങ്ങൾ* 540–562

3. ഷാജി ജേക്കബ്
*കലാസിനിമയുടെ സൗന്ദര്യശാസ്ത്രവും വിപണിയുടെ പ്രത്യയശാസ്ത്രവും: സംഘർഷത്തിന്റെയും സമന്വയത്തിന്റെയും ചരിത്രപാഠങ്ങൾ* 563–602

4. സുനിൽ പി. ഇളയിടം
*ദേശഭാവനയുടെ ആട്ടപ്രകാരങ്ങൾ: ദേശീയാധുനികതയും ഭരതനാട്യത്തിന്റെ രംഗജീവിതവും* 603–652

5. വിപിൻ ബാലചന്ദ്രൻ
*പരസ്യമാകുന്ന ദൈവശരീരങ്ങൾ നവഹൈന്ദവവാദവും പുതിയ മിത്തിക്ക് വിഗ്രഹലക്ഷണങ്ങളുടെ രൂപപ്പെടലും* 653–663

## ഭാഗം നാല്: തത്വചിന്ത

1. Abey Koshy
*Body with and without organs: Two Readings of NIETZSCHE's, Body Politics* 665–685

2. കെ. മുത്തുലക്ഷ്മി
*ഭാരതീയതത്ത്വചിന്തയുടെ വായന: ഒരു 'ബോധ'പൂർവ്വസമീപനം* 686–706

3. Faizal N.M.
*Can Critical Rationalism be adopted as a Scientific Method?* 707–728

4. Anilesh T.T.
*The Corporeal meet the Spiritual: Destereotyping the Indian Asetic Body - A study on the Life and Select Vachanas of Akka Mahadevi* 729–742

## ഭാഗം അഞ്ച്: സാമൂഹ്യശാസ്ത്രം

1. Saju T.S.
*Shadowed Memoirs: Gender and Prosuction of Land Scape in Rural Kerala Region* 744–771

2. K.G. Dilip
*The Taming of the 'Savage' - Economic Underpinnings of Beliefs and Myths* 772–804

3. Biju Vincent
*Reimagining Sociology and Sociological Practices: A Critical Reading* 805–826

# മാർക്സിസം –
# രാഷ്ട്രീയ സൗന്ദര്യശാസ്ത്രവിമർശനം

പി. പവിത്രൻ

രാഷ്ട്രീയ സമ്പദ്ശാസ്ത്രത്തിന്റെ വിശകലനത്തിൽ ആരംഭിക്കുകയും അവിടെ അവസാനിക്കുകയും ചെയ്യുന്നതാണ് മാർക്സിസം എന്ന ധാരണയാണ് അതിനെ യാന്ത്രികസമീപനമായും ഭരണകൂടയുക്തിയുമായും ഒതുക്കിയത്. സമ്പദ്ശാസ്ത്രത്തിനു മാത്രമല്ല, സൗന്ദര്യശാസ്ത്രത്തിനും രാഷ്ട്രീയമുണ്ടെന്നും അതിന്റെ അപഗ്രഥനം കൂടി ചേരുമ്പോഴാണ് സാമൂഹ്യഘടനയുടെ വിശകലനമെന്ന പോലെ രാഷ്ട്രീയപ്രയോഗവും പൂർത്തിയാകുക എന്ന തിരിച്ചറിവിലേക്ക് ഇത് നമ്മെ നയിക്കുന്നു.

മാർക്സ് ഉൾപ്പെടെയുള്ള യുവഹെഗേലിയന്മാർ സൗന്ദര്യശാസ്ത്രത്തിൽ നടത്താൻ ശ്രമിച്ച നിർണായകമായ ഇടപെടലുകളെകുറിച്ചുള്ള അന്വേഷണങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്. മാർഗരറ്റ്. എ.റോസ് *മാർക്സിന്റെ നഷ്ടപ്പെട്ട സൗന്ദര്യശാസ്ത്രം–കാൾ മാർക്സും ദൃശ്യകലകളും* എന്ന പുസ്തകത്തിൽ ജർമൻ പൊതുമണ്ഡലത്തിൽ സൗന്ദര്യശാസ്ത്രമേഖലയിൽ നടന്ന ആശയസമരത്തെയും അതിൽ മാർക്സുൾപ്പെടെയുള്ള യുവഹെഗേലിയന്മാർ വഹിച്ച പങ്കിനെയും കുറിച്ച് വിവരിക്കുന്നുണ്ട്.

കേവലം സമ്പദ്ശാസ്ത്രവിമർശനം മാത്രമായി മാർക്സിസത്തെ കണ്ടിരുന്ന ഘട്ടത്തിൽനിന്ന് ഭിന്നമായ കാഴ്ചകളിലേക്ക് ആദ്യകാല മാർക്സിന്റെ കൃതികളുടെ കണ്ടെത്തൽ നയിച്ചിരുന്നു. മുഖ്യമായും മാർക്സിന്റെ 1844 ലെ കയ്യെഴുത്തു പ്രതികളുടെ കണ്ടെത്തലും പ്രസിദ്ധീകരണ(1932)വുമായിരുന്നു പുതിയ ഘട്ടത്തെ ഉദ്ഘാടനം ചെയ്തത്. സൗന്ദര്യശാസ്ത്രപരമായ ആദ്യകാല മാർക്സിന്റെ സ്രോതസ്സുകളിലേക്ക് ഇപ്പോൾ വീഴുന്ന പുതിയ വെളിച്ചം ഇതിന്റെ രണ്ടാം ഘട്ടമാണെന്നു പറയാം.

മാർക്സിസത്തെ സംബന്ധിച്ച പുനരവലോകനം മാത്രമല്ല, സൗന്ദര്യശാസ്ത്രത്തെ സംബന്ധിച്ച പുനർനിർവചനം കൂടി ഇതാവശ്യപ്പെടുന്നുണ്ട്. സൗന്ദര്യാത്മകത എന്നത് സാഹിത്യ കലാസൃഷ്ടികൾ

# ലിംഗപദവിയും സന്യാസവും : ബുദ്ധഭിക്ഷുണികളുടെ ചരിത്രജീവിതം

മിനി ടി.

പ്രാചീനഭാരതത്തിലെ സ്ത്രീകളുടെ സാമൂഹിക പദവി ഇതിനകം വളരെയധികം പഠനങ്ങൾക്ക് വിഷയമായിട്ടുണ്ട്. സാഹിത്യകൃതികളെ അപഗ്രഥിച്ചും, ധർമ്മശാസ്ത്രങ്ങളിലും അർത്ഥശാസ്ത്രം പോലുള്ള ശാസ്ത്രഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്നതിനെ മുൻനിർത്തിയും ചരിത്രപരമായും ഇത്തരത്തിലുള്ള പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. വേദകാലഘട്ടം തൊട്ട് പല കാലങ്ങളിൽ രൂപംകൊണ്ട് വിഭിന്ന കൃതികളിൽ നിന്ന് ലഭിക്കുന്ന അറിവുകളെ മുൻനിർത്തി പ്രാചീനഭാരതത്തിലെ സ്ത്രീസമൂഹത്തിന്റെ ചിത്രം നിർമ്മിച്ചെടുക്കാൻ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രാചീനകൃതികളിൽ പ്രതിപാദിക്കുന്ന സ്ത്രീകളെ സംബന്ധിച്ച നിയമങ്ങൾ ആചാരങ്ങൾ ഇവയിലൂടെ ലഭിക്കുന്ന സാമൂഹികാവസ്ഥയും പഠനവിധേയമായിട്ടുള്ളതാണ്. ചില പ്രധാന പഠനങ്ങൾ ഇവയാണ്.

ചരിത്രകാരനായ എ.എസ്.അൽത്തേക്കർ 1938 ൽ രചിച്ച 'The Position of Women in Hindu Civilization' ഭാരതത്തിലെ സ്ത്രീ സമൂഹത്തെക്കുറിച്ചുള്ള പഠനങ്ങളുടെ ആദ്യകാലമാതൃകകളിൽ പ്രധാനപ്പെട്ട ഒന്നാണ്. ദേശീയ ചരിത്രരചനയുടെ ഭാഗമായാണ് അൽത്തേക്കർ സ്ത്രീ സമൂഹത്തെ പഠിക്കുന്നത്. ഈ മേഖലയിൽ തനിക്ക് മുമ്പുണ്ടായിട്ടുള്ള ചില പഠനങ്ങളെ അദ്ദേഹം പരാമർശിക്കുന്നുണ്ട്.[1] പ്രാചീനകൃതികളെ മുൻനിർത്തി ഹിന്ദുസ്ത്രീയെ പഠിക്കാൻ ശ്രമിക്കുന്ന അൽത്തേക്കർ വിശകലനം ചെയ്യുന്ന വിഷയങ്ങൾ ഇവയാണ്. 1. ബാല്യം 2. വിവാഹനിയമങ്ങൾ, വിവാഹമോചനം 3. വിവാഹജീവിതം 4. വിധവയുടെ ജീവിതം 5. സാമൂഹിക ആചാരങ്ങൾ 6. സ്ത്രീയും മതവും 7. സ്വത്തവകാശം 8. വസ്ത്രവിധാനം 9. സമൂഹത്തിന്റെ സ്ത്രീയോടുള്ള നിലപാടുകൾ. വിഭിന്ന കാലഘട്ടങ്ങളെ ആസ്പദമാക്കി ഈ വിഷയങ്ങളെ വിലയിരുത്തുന്ന അൽത്തേക്കർ ചില നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. എ.ഡി. ആദ്യശതകങ്ങളിൽ ആണ് ധർമ്മശാസ്ത്രങ്ങളിലും അതിലൂടെ സമൂഹത്തിലും സ്ത്രീവിരുദ്ധനിലപാടുകൾ രൂപം

# പാണിനീയത്തിലെ അർത്ഥവിജ്ഞാനം – ഒരന്വേഷണം

യമുന കെ.

സംസ്കൃതവ്യാകരണപാരമ്പര്യത്തിൽ ഒട്ടനേകം ധാരകളുണ്ടെങ്കിലും ഏറ്റവും പ്രസിദ്ധം പാണിനീയവ്യാകരണമാണ്. പാണിനിക്ക് മുമ്പുതന്നെ സംസ്കൃതവ്യാകരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് പാണിനിയുടെ പരാമർശങ്ങളിൽ നിന്നു വ്യക്തമാണ്. എന്നാൽ അവയൊന്നും ഇന്ന് നമുക്ക് ലഭ്യമല്ല. *പാണിനീയം* എന്ന പദം പാണിനിയുടെ (B.C.700)[1] ഗ്രന്ഥമായ *അഷ്ടാധ്യായി*യെക്കുറിക്കുവാനും, *അഷ്ടാധ്യായി*യും അതിന്റെ വ്യാഖ്യാനങ്ങളും അവയുടെ വ്യാഖ്യാനങ്ങളും അടങ്ങിയ പരമ്പരയെ കുറിക്കുവാനും (Paninian School of Grammar) ഉപയോഗിക്കാറുണ്ട്. ഈ പ്രബന്ധത്തിൽ രണ്ടാമത്തെ അർത്ഥത്തിലാണ് പാണിനീയമെന്ന പദം പ്രയോഗിച്ചിട്ടുള്ളത്. പാണിനിക്കു ശേഷവും ചാന്ദ്രം, ജൈനേന്ദ്രം, സാരസ്വതം, ശാകടായനം തുടങ്ങി പല വ്യാകരണപദ്ധതികൾ (School of Grammar) ഉണ്ടായിട്ടുണ്ട്. അവയ്ക്കെല്ലാംതന്നെ പലതരത്തിലുള്ള പരിമിതികൾ ഉണ്ടെങ്കിലും ഓരോന്നിന്റെയും കാലത്ത് സംസ്കൃതഭാഷയിൽ വന്ന മാറ്റങ്ങൾ അതാത് വ്യാകരണങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട് എന്ന നിലയിൽ പരിഷ്കൃതങ്ങളാണ്.

*അഷ്ടാധ്യായി* വ്യാകരണഗ്രന്ഥമാണ് അതിന്റെ പ്രത്യേകത അത് വിവരണാത്മക (Descriptive) വ്യാകരണമാണ് വിധായക (Prescriptive) രൂപത്തിലുള്ളതല്ല എന്നതാണ്. ഈ പ്രത്യേകത മഹാഭാഷ്യകാരനായ പതഞ്ജലി (ബി.സി. ഒന്നാംനൂറ്റാണ്ട്), വ്യാഖ്യാതാവായ ഭട്ടോജിദീക്ഷിതൻ (എ.ഡി. 16-ാംനൂറ്റാണ്ട്) തുടങ്ങിയവർ എടുത്തുകാട്ടുന്നുണ്ട്. ഈ സവിശേഷതകൊണ്ടുതന്നെ അതിന്റെ വ്യാഖ്യാനങ്ങളിൽ ഭാഷാശാസ്ത്ര ധാരാളം ചർച്ചകൾ കടന്നുവന്നു. പ്രധാനമായും ഭർത്തൃഹരി, ഭട്ടോജിദീക്ഷിതർ, കൗണ്ഡഭട്ടൻ, നാഗേശൻ എന്നീ നാല് വൈയാകരണന്മാരാണ് പാണിനീയത്തിൽ ഭാഷാശാസ്ത്രപരമായ ആശയങ്ങളെയും സിദ്ധാന്തങ്ങളും അവതരിപ്പിക്കുകയും വിശകലനം ചെയ്യുകയും ചെയ്തിട്ടുള്ളവർ.

# Writing in/on Women: Possibilities for a Gendered History of Keralam

Sheeba K.M.

## Introduction

The discipline of history along with other social science disciplines,emerged within the context of the project of enlightenment modernity in Europe. This specific spatio-temporal location made these disciplines commonly inherit certain qualities despite their varied scope, focus and methodologies. That positivism[1] operated as the binding philosophy in all of them had clear implications for knowledge building within the academia and the consequences thereof on the perceptions of social reality for different people the world over. As the legitimacy of these disciplines and their methodologies were established gradually over the non-European world, they began to define and determine the self perceptions of those terrains.

For the colonised, this meant they had now to be thankful for the 'discovery of their past' that had been done on their behalf and for the mirror that was handed over in which they could view the reflections of their histories. Uncharted territories passed from darkness to light as the colonial enterprise (or those who drew models from them) constructed knowledge that could ultimately *establish, preserve* and *legitimate* domination. But then, was it only colonial domination that was justified through these enterprises of knowledge building?

All modern disciplines made claims to objectivity and value-neutrality trying to keep in step with the scientific temper that enlightenment rationality they then established as most desirable. However, the very terms by which knowledge was constructed through them had the unmistakable markings of white, heterosexual, rational male as their subject; in the process effectively

# ചരിത്രത്തിലെ ചെറുസ്വരങ്ങൾ: മലബാർ കലാപവും ഓർമ്മകളുടെ ആഖ്യാനങ്ങളും

ഷംഷാദ് ഹുസൈൻ

ചരിത്രത്തിൽ ഇടം കിട്ടാതെ തമസ്കരിക്കപ്പെടുകയും തള്ളിമാറ്റപ്പെടുകയും ചെയ്തവരുടെ ശബ്ദം രേഖപ്പെടുത്തുന്നുവെന്നതാണ് വാമൊഴി പഠനങ്ങളുടെ സവിശേഷത അതുകൊണ്ടുതന്നെ വർത്തമാനകാലവിജ്ഞാനങ്ങളിൽ വാമൊഴിപ്പാരമ്പര്യപഠനങ്ങൾക്ക് വർദ്ധമാനമായ ശ്രദ്ധയുടെ പ്രാധാന്യവും ലഭിക്കുന്നുണ്ട്. വ്യത്യസ്ത മാനവികവിജ്ഞാനവിജ്ഞാനങ്ങളിലും സാമൂഹികശാസ്ത്രങ്ങളിലും വാമൊഴിപ്പാരമ്പര്യപഠനത്തിനു സ്വാധീനം ചെലുത്താൻ കഴിഞ്ഞിരിക്കുന്നു.

വ്യവസ്ഥാപിതരൂപമാർജ്ജിച്ചിട്ടുള്ള സാമ്പ്രദായിക ചരിത്രപഠനപാരമ്പര്യത്തെ വാമൊഴിപഠനങ്ങൾ പല രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. ഓർമ്മയെയും ചരിത്രത്തെയുംകുറിച്ച് പല സംവാദങ്ങൾക്കും ഇവ വഴിവെച്ചിട്ടുമുണ്ട്.

നേരിട്ട് അനുഭവങ്ങളുള്ള തലമുറിയിൽ നിന്ന് സ്വീകരിക്കുന്ന മൊഴികളെ വാമൊഴിചരിത്രമെന്നും അടുത്ത തലമുറകളിൽനിന്നുള്ളതിനെ വാമൊഴിപ്പാരമ്പര്യമെന്നും അത് ഒരു സമൂഹം സ്വീകരിക്കുമ്പോൾ ഫോക്‌ലോറെന്നും വേർതിരിച്ച് കാണുക പതിവുണ്ട്. ഈ പഠനങ്ങളിൽ അത്തരത്തിലൊരു സൂക്ഷ്മവിഭജനത്തിന് പ്രസക്തിയില്ലാത്തതിനാൽ വാമൊഴിപ്പാരമ്പര്യമെന്ന് പൊതുവെയും വാമൊഴിപഠനം, വാമൊഴിചരിത്രം എന്ന് വ്യത്യാസം കൂടാതെയും പ്രയോഗിച്ചിരിക്കുന്നു.

## പശ്ചാത്തലവും വർത്തമാനവും

രണ്ടാം ലോകമഹായുദ്ധത്തിനുശേഷമാണ് വാമൊഴിപ്പാരമ്പര്യപഠനത്തിന്റെ സ്വീകാര്യതയും മൂല്യവും പൊതുവെ അംഗീകരിക്കപ്പെടുന്നത്. ചെറിയ ടേപ്പ്റിക്കാർഡറുകളുടെ ലഭ്യതയും ഇതിന് പ്രചാരം ലഭിക്കാൻ കാരണമായി. അമേരിക്കയിലെ ആദ്യത്തെ വാമൊഴിചരിത്ര പ്രോജക്റ്റായി അറിയപ്പെടുന്നത് രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അതിൽ കഷ്ടതകളനുഭവിച്ച ഉന്നതരും വെളുത്ത വർഗ്ഗക്കാരുമായ പുരുഷന്മാരിൽ നിന്ന് സ്വീക

# നിൻസ്വരം പൂവിടും ഗാനമേ... മലയാള ചലച്ചിത്ര സംഗീതത്തിന്റെ സാംസ്കാരിക രാഷ്ട്രീയം

പ്രദീപൻ പാമ്പിരികുന്ന്

"സംഗീതമേ പ്രതിമകളുടെ ശ്വാസോച്ഛ്വാസമാണുനീ അഥവാ, ചിത്രങ്ങളുടെ മൗനമായിരിക്കാം/എല്ലാ ഭാഷയും ചെന്നൊടുങ്ങുന്ന ഭാഷ/മർത്ത്യ ഹൃദയങ്ങളുടെ സ്പന്ദനത്തിനു മുകളിൽ/കുത്തനെ നിൽക്കുന്ന കാലം" സംഗീതത്തോട് - റിൽക്കെ.

സംഗീതത്തിന് സംസ്ക്കാരത്തോളം വ്യാപ്തിയുണ്ട്. പ്ലാറ്റോവിന്റെ പരികല്പനയിൽ (Music is almost as what we shold call culture) പ്ലാറ്റോ വിദ്യാഭ്യാസത്തെ രണ്ടായി തിരിക്കുന്നു. സംഗീതം എന്നും ജിംനാസ്റ്റിക്സ് എന്നും. നാം ഇന്ന് മനസ്സിലാക്കുന്നതിനേക്കാൾ ബൃഹത്തായ അർത്ഥങ്ങളുണ്ട് ഈ രണ്ടു വാക്കുകൾക്കും. പ്ലാറ്റോയുടെ ചിന്തയിൽ എല്ലാവിധ ശാരീരിക പ്രവർത്തനവും ഉൾക്കൊള്ളുന്നതാണ് ജിംനാസ്റ്റിക്സ് എന്ന വിഷയം.[1]

മനുഷ്യജീവിതത്തെ ഒരു സംഗീതമായി സങ്കല്പിച്ചാൽ അതിന് മേൽസ്ഥായി സന്തോഷത്തെയും കീഴ്സ്ഥായി ദുഃഖത്തെയും പ്രതിനിധാനം ചെയ്യുന്നുവെന്ന്, ഷോപ്പനോവർ പറയുന്നു. എല്ലാത്തരം ഹാർമണിയുടെയും നാലുഘടകങ്ങളായ bas, tenor, alto, soprano എന്നിവയെ യഥാക്രമം പദാർത്ഥം, പ്രപഞ്ചം, സസ്യപ്രപഞ്ചം, മൃഗപ്രപഞ്ചം, മനുഷ്യപ്രപഞ്ചം എന്നിവയുമായി അദ്ദേഹം താരതമ്യപ്പെടുത്തുന്നു.[2]

ഇന്ത്യൻ സംഗീതത്തിലെ സ്വര-മൃഗശബ്ദ സമന്വയങ്ങളും ഇതേസങ്കൽപ്പത്തിൽത്തന്നെ ഊന്നുന്നു. പ്രപഞ്ചത്തിന്റെ വൈകാരികസത്തയെ സ്വാംശീകരിക്കുന്ന കേവലസ്വരൂപമായി സംഗീതം കരുതപ്പെടുന്നു. എല്ലാത്തരം സാഹിത്യവും സംഗീതത്തിന്റെ സ്ഥാനം കൊതിക്കുന്നുവെന്ന ശുദ്ധകലാസങ്കല്പവും ഈ കേവലതയാർന്ന നിലനിൽപ്പിനെ സാധൂകരിക്കുന്നു. സംഗീതത്തിൽ അഭിലാഷം മാത്രമേയുള്ളൂവെന്നും അവ ഭാഷയെ അതിജീവിക്കുന്നു എന്നും കീർക്കേഗാഡ് പറയുന്നു.[3]

# കലാസിനിമയുടെ സൗന്ദര്യശാസ്ത്രവും വിപണിയുടെ പ്രത്യയശാസ്ത്രവും :

## സംഘർഷത്തിന്റെയും സമന്വയത്തിന്റെയും ചരിത്രപാഠങ്ങൾ

ഷാജി ജേക്കബ്

**ഒന്ന്**

**ഫ്രഞ്ച് നവതരംഗം : കർത്താവിന്റെ ജനനം**

ഒരു നൂറ്റാണ്ടുപിന്നിട്ട ലോകസിനിമയുടെ തന്നെ ചരിത്രത്തിലെ ഏറ്റവും വലിയ വിഭജനബിന്ദുവാണ് 1959 ലാരംഭിച്ച ഫ്രഞ്ച് നവതരംഗപ്രസ്ഥാനം. രണ്ടാംലോകയുദ്ധത്തിനുമുമ്പ് ലോകസിനിമയിലാവിർഭവിച്ച പ്രധാന ഭാവുകത്വപ്രസ്ഥാനങ്ങളൊന്നും തന്നെ സൃഷ്ടിക്കാത്തത്ര വിപുലമായ സ്വാധീനമാണ് നവതരംഗം ലോകത്തെവിടെയുമുള്ള സിനിമയിൽ സൃഷ്ടിച്ചത്. അമേരിക്കൻ ആഖ്യാനപരത[1], സോവിയറ്റ് മൊണ്ടാഷ്[2], ജർമൻ എക്സ്പ്രഷനിസം[3], ഇറ്റാലിയൻ നിയോറിയലിസം[4] തുടങ്ങിയവയാണ് ആദ്യഅരനൂറ്റാണ്ടിന്റെ ചലച്ചിത്രഭാവുകത്വങ്ങളെങ്കിൽ 1960കളിലാരംഭിക്കുന്ന ലോകസിനിമയുടെ രണ്ടാംഘട്ടം മുഖ്യമായും ഫ്രഞ്ച് നവതരംഗത്തിന്റെ ഭാവുകത്വവിപ്ലവമായാണ് വിലയിരുത്തപ്പെടുന്നത്. ഹോളിവുഡ്, ജനപ്രിയ, വിപണിസിനിമയെ ഒന്നാം സിനിമയെന്നും യൂറോപ്യൻ നവതരംഗപ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടായ കലാസിനിമയെ രണ്ടാം സിനിമയെന്നും വിശേഷിപ്പിച്ചുകൊണ്ടാണ് മൂന്നാംസിനിമ(third cinema)യെന്ന സങ്കല്പത്തിന് 1969ൽ അർജന്റീനിയൻ ചലച്ചിത്രസൈദ്ധാന്തികരായ ഫെർനാണ്ടോ സൊളാനാസും ഒക്ടാവിയോ ഗെറ്റിനോയും രൂപം നല്കുന്നത് പോലും[5].

ചലച്ചിത്രനിരൂപകരും സംവിധായകരും സാങ്കേതികപ്രവർത്തകരുമായ ഒരു നിരയുവാക്കൾ, രണ്ടാം ലോകയുദ്ധത്തിനുശേഷവും ഫ്രഞ്ചുസിനിമയിൽ നിലനിന്ന മരവിപ്പിനെതിരെ നടത്തിയ കലാപമായാണ് നവതരംഗപ്രസ്ഥാനത്തെ പൊതുവിൽ കാണാറുള്ളത്[6]. 1950 കളുടെ തുടക്കത്തിൽ സാമൂഹ്യശാസ്ത്രപഠിതാക്കൾ ഫ്രഞ്ച് സമൂഹത്തിൽ രൂപംകൊണ്ട നവീനപ്രവണതകൾക്കുനല്കിയപേരായിരുന്നു നവതരംഗ (New Wave) മെങ്കിലും പിന്നീടത് പുതിയ സിനിമാഭാവുകത്വമായി വ്യാഖ്യാനിക്കപ്പെടുകയായിരുന്നു.

# Body with and without organs: Two Readings of NIETZSCHE's, Body Politics

Abey Koshy

"I am body entirely, and nothing besides; and soul is only a word for something in the body"

*Nietzsche, Thus Spoke Zarathustra*

The predominance of body discourses in contemporary thought for the last four decade was mainly due to Nietzsche's philosophy of life that wanted to ground thought, values and human existence on materiality[1]. Till mid nineteenth century the major philosophical systems and religions of the world explained the meaning of human existence, moral values, truths and cultural experience in terms of a transcendental consciousness whose roots lie in the spiritual reality. As a result abstract conceptual reasoning got predominance over experiential truth of the body and life. Modern civilization (which is basically European in origin)[2] thus builds a culture that disallows the expressions of the natural, sensual and the biological. It is through the containment of the bodily that a culture devoid of *desire*[3] could be built, whose history Nietzsche unravels as nihilism. Nihilism plainly means life denial, and overcoming it becomes the central project of Nietzsche philosophical activity. For that the ground of thinking has to be shifted from consciousness to the body, abstract to the concrete, rational to the sensual and the spiritual to the material.

Such a shift comes through Nietzsche's thinking of the body. Consequently there was a transition of agency from soul to body in recent philosophy. Although it began with Nietzsche, lately it spilled over to phenomenology and poststructuralism. Within poststructuralism the two predominant responses to Nietzsche's body thinking are that of Foucault's analysis of the 'docile body'[4] and Deleuze and Guattari's portrayal of the 'desiring body'[5]. This paper is

# ഭാരതീയതത്ത്വചിന്തയുടെ വായന: ഒരു 'ബോധ'പൂർവ്വസമീപനം

കെ. മുത്തുലക്ഷ്മി

## I

### വായനയിലെ വികൽപ്പങ്ങൾ

> "Thus ignoring the whole tradition of more than two thousand years of India's philosophical concerns, the neo-vedantins bypassed the different and tricky problems raised by earlier discussions and debate and gave a radically new interpretation which reconciled everything by vague references to the ultimate unity of everything in the indescribable, formless reality of Brahman that permeated everything and thus was the essence of all that is"
>
> **- Daya Krishna**

വായന സങ്കീർണ്ണമായ ഒരു പ്രക്രിയയാണെന്നതും, വായനയുടെ വഴികൾ അതിന്റെ സ്വരൂപത്തെത്തന്നെ നിർണ്ണയിക്കുന്നുവെന്നതും ഏതു വായനയുടെയും മുന്നറിവുകളാണ്. ഭാഷ, കാലം, ഉള്ളടക്കം എന്നിവയ്ക്കൊക്കെ വായനയെ രൂപപ്പെടുത്തുന്നതിൽ പങ്കുണ്ട്. അതുകൊണ്ടുതന്നെ സംസ്കൃതഭാഷയിലെഴുതപ്പെട്ട പ്രാചീനതത്ത്വചിന്തയുടെ വായന അസാമാന്യമായ ശ്രദ്ധ നമ്മിൽ നിന്നാവശ്യപ്പെടുന്നുണ്ട്. ഇവിടെ ശ്രദ്ധ എന്നതുകൊണ്ടുദ്ദേശിച്ചത്, ആശയം മനസ്സിലാക്കുന്നതിലെ ശ്രദ്ധ മാത്രമല്ല, വായന എന്ന പ്രക്രിയയെക്കുറിച്ചുള്ള ശ്രദ്ധ കൂടിയാണ്. അങ്ങനെ നോക്കുമ്പോൾ പ്രാചീനതത്ത്വചിന്തയുടെ വായനയ്ക്കായുള്ള മുന്നൊരുക്കം എന്ന നിലയിൽ ചില ആലോചനകൾ ആവശ്യമാണ്. സംസ്കൃതഭാഷയിലെ തത്ത്വചിന്തയുടെ വായനയിലെ പൊതുസമീപനങ്ങൾ എന്തൊക്കെയാണ്? അത്തരം സമീപനങ്ങളെ പ്രശ്നവൽക്കരിക്കേണ്ട ആവശ്യമുണ്ടോ? അവയിലെ മുൻവി

# Shadowed Memoirs: Gender and Prosuction of Land Scape in Rural Kerala Region

Saju T.S.

**Abstract**

*The transformation of the urban and rural landscapes within the last few decades has increasingly been dominated by the demands of capitalist utilization. Political Ecology and Production of Space theory argues that Capitalism relies on specific kind of 'produced space and nature' for its endurance. Current local-scale changes in the landscape interweave with larger forces of globalization, time-space compression and media proliferation altering the face of landscape, both rural and urban, around the world. These larger forces span all sectors of human activity and inform a new cultural economy of space, creating new landscape spatialities that require a reformulation of landscape definitions, as well as new conceptual models and methodological approaches. This paper examines one such conflict in a rural landscape in Muthalamada, Kerala, India an earlier subsistence agro-ecosystem locale that experienced a rapid commercialisation of agricultural system and rural gentrification with the introduction of a high value horticultural crop – mango – in the last few decades. An analysis of the changing spatial experiences of women from a subsistence agricultural production system to a capitalist production system shows how the spaces are reorganized and produced as new landscapes. Capitalisation of agricultural production system may also generate new food-security risks with which marginal farmers and landless labourers may find it difficult to cope. The capitalist production system produced a male oriented landscape where the access to resources to women is highly restricted. This "gendered production of spaces" has been much more tangible impact on women's lives in Muthalamada.*

# The Taming of the "Savage"[1] - Economic Underpinnings of Beliefs and Myths

K.G Dilip

This paper is a modest attempt to examine the importance of beliefs and myths of a tribal community in Wynad, Kerala, from the point of view of the economic meanings associated with their manifestations. It analyzes the role and function of the beliefs and myths of the Paniyans in maintaining their position in the socio-economic milieu. Hence it is important to review the Paniyan's beliefs and myths in the light of the socio-economic relations that the community has with that of the larger community. The study mainly follows the classical Marxist methodology which stress the economic basis and historical conditions from which the ideology and beliefs have originated. Thus according to this approach, in order to understand the socio-cultural phenomena, it also look into the Mode of Production – the social relations, especially the class relations – existed in the Purakkadi village.

Multiple tools were employed to collect the necessary data for the study. A village network survey was conducted to understand the social and economic relations existed in the village. Extensive interviews were conducted with several individuals – often in the night – to collect the details regarding the beliefs and myths. One of the important tools of data collection was observation and this method has been employed frequently, especially during occasions like temple festivals, marriage ceremonies, death ceremonies and rituals.

The basic conclusion is that, in a society, where people have been ascribed different socio-economic and political status, due to historical reasons, the dominant ideas prevalent will be those which present the reality concealed from the comprehension of the masses. As part of the supernatural myths, beliefs and rituals, these ideas grow into the society's ideology and help to perpetuate the existing social system.

# Reimagining sociology and sociological practices: a critical reading

Biju Vincent

**Abstract**

*Although the contributions of sociology in the academic environment of the country was so meagre at the time of independence, it rose to the occasion to receive wider acclaimfromthe academics in the world around. Growth and development of sociology has marked tremendous influence among the Indian intelligentia. It is right time to gaze on the chequered trajectory of the growth and development of the sociology as a discipline, and to have a critical self-reflexivity on sociology in Kerala. This article discusses the practices of teaching and research, pedagogy and curriculum, and institutional role on making of an academic discipline. The 'claimed legacy' of the discipline has been found to be insulated fromresponding responsibly to the social reality and the requirement of practicing it. The lamentation on the 'degraded' position of the discipline in the contemporary academic space is to be defogged to envision the way ahead. The reasons of the self-regulated alienation of the subject has wider reach implications in the contemporary socio-political scenario of the state. This paper tries to figure out the issue that hamper in developing sociological imagination through classroom engagements and syllabus. The subject matter of Indian sociology being discussed in classrooms has not gone beyond the imagination surrounding the notion of religious scriptures, atleast in Kerala.The magnitude of the inherent weakness of the discipline must be unearthed to find out the disparity in the way sociology was imagined and practiced. Criticality in tracing the intellectual tradition of a discipline will certainly throw sufficient light on the efforts to re-imagine the manner a subject is to be visualized.*

# വിമർശനാത്മക വായനകൾ

## CRITICAL READINGS

**മിനി ടി.**

എഡിറ്റർ

സംസ്കൃതസർവ്വകലാശാല രജതജൂബിലി വർഷത്തിലേക്ക് എത്തിയ വേളയിൽ ഈ വൈജ്ഞാനിക കൂട്ടായ്മയുടെ ചരിത്രവും അതിന്റെ ഭാഗമായി രേഖപ്പെടുത്തപ്പെടണം എന്ന ആഗ്രഹമാണ് ഇത്തരമൊരു സമാഹാരത്തിലേക്ക് ഞങ്ങളെ നയിച്ചത്. ഇന്ത്യയിലെമ്പാടും സർവ്വകലാശാലകളുടെ അക്കാദമിക സ്വാതന്ത്ര്യവും വൈജ്ഞാനിക ജീവിതവും നാനാതരം വെല്ലുവിളികളെ നേരിടുന്ന ഈ കാലയളവിൽ വിമർശനാത്മകപഠനസംഘത്തെപോലെ ഒരു വൈജ്ഞാനിക കൂട്ടായ്മയുടെ പ്രവർത്തനത്തിനും അതേക്കുറിച്ചുള്ള ഓർമ്മയ്ക്കും സവിശേഷപ്രാധാന്യമുണ്ട് എന്നാണ് ഞങ്ങൾ കരുതുന്നത്. പ്രയാസകരമായ കാലങ്ങളിൽ, വൈജ്ഞാനികതയ്ക്കും അക്കാദമിക പ്രവർത്തനങ്ങൾക്കും വേണ്ടി ഒത്തുചേർന്നു പ്രവർത്തിച്ച ഒരുകൂട്ടം മനുഷ്യരുടെ പ്രയത്നവും അതുളവാക്കിയ ഫലങ്ങളും സംസ്കൃതസർവ്വകലാശാലാസമൂഹത്തിനായി സമർപ്പിക്കുന്നു.

**സുനിൽ പി. ഇളയിടം**

ISBN 978-93-5346-753-1

9 789353 467531